## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 194 | 26.09.11 ൽ -മറുപടിക്ക്

### റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ റേഷൻ കാർഡിന് അപേക്ഷിച്ചാൽ ആയത് എത്ര ദിവസത്തിനുള്ളിൽ ലഭിക്കുന്നു; | (എ) ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നവർക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻകാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) റേഷൻ കാർഡിനുള്ള അപേക്ഷകൾ റേഷൻകട വഴി സ്വീകരിക്കുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) അപേക്ഷകർക്ക് താല്കാലിക റേഷൻ കാർഡ് നൽകുന്ന രീതി നിർത്തലാക്കി, ആദ്യമെ തന്നെ സ്ഥിരം റേഷൻ കാർഡ് നൽകുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) പുതിയ റേഷൻ കാർഡിനായി ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകൾക്ക് സ്ഥിരം റേഷൻ കാർഡ് തന്നെയാണ് നിലവിൽ നൽകിവരുന്നത്. എന്നാൽ, സ്ഥിരം താമസക്കാരല്ലാത്ത കുടുംബങ്ങൾക്കാണ് താൽക്കാലിക റേഷൻകാർഡ് വിതരണം ചെയ്തു വരുന്നത്. നിലവിൽ സ്ഥിര താമസക്കാരാണ് എന്ന് പഞ്ചായത്ത്/ മുനിസിപ്പൽ/ കോർപ്പറേഷൻ സെക്രട്ടറി നൽകുന്ന റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ചാണ് സ്ഥിരം റേഷൻകാർഡ് നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ